**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2807

19.02.2016-ൽ മറുപടിയ്ക്ക്

**എടവനക്കാട് ഇക്‌ബാൽ റോഡിന്റെ നിർമ്മാണം**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|---|
| (എ) എടവനക്കാട് ഇക്‌ബാൽ റോഡിന്റെ നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | എടവനക്കാട് ഇക്‌ബാൽ റോഡിന്റെ നിർമ്മാണത്തിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ തടസ്സങ്ങൾ എന്തെന്ന് വിശദമാക്കാമോ; | (ബി) | നിലവിലുള്ള രീതിയിൽ പ്രവൃത്തി നടത്തുന്നതിന് നാട്ടുകാരുടെ ഭാഗത്തു നിന്നും തടസ്സം ഉണ്ടായതിനെ തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടു. |
| (സി) തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br><br>(ഡി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) യും (ഡി) യും | റോഡിന്റെ വീതി കൂട്ടുന്നതിനായി സ്ഥലം ഫ്രീ സറണ്ടർ ആയി ലഭിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു. എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിന് കരാറുകാരൻ നിലവിലുള്ള നിരക്കിനേക്കാൾ ഉയർന്ന റേറ്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിനാൽ കരാറുകാരനെ പ്രസ്തുത പ്രവൃത്തിയിൽ നിന്നും ഒഴിവാക്കണമോയെന്നുള്ള കാര്യം പരിശോധനയിലാണ് |

സെക്ഷൻ ഓഫീസർ